മംഗളം
22 January 2018

# കടലിൽനിന്ന് ഔഷധനിർമാണം: പരിശീലനവുമായി സി.എം.എഫ്.ആർ.ഐ

കൊച്ചി: കടൽജീവികളിൽനിന്നുള്ള ഔഷധനിർമാണ ഗവേഷണങ്ങൾ കാര്യക്ഷമമാക്കുന്നതിനു ഗവേഷകർക്കു പരിശീലനവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). ആരോഗ്യ-മരുന്നുൽപ്പാദന രംഗത്ത് ഏറെ സാധ്യതകളുണ്ടെന്നു തെളിയിക്കപ്പെട്ട കടൽജീവികളിലടങ്ങിയ ബയോ ആക്ടീവ് സംയുക്തങ്ങൾ വേർതിരിക്കുന്നതുമായി ബന്ധപ്പെട്ടാണു പരിശീലനം. രാജ്യത്തെ വിവിധ ഗവേഷണ സ്ഥാപനങ്ങളിലെയും സർവകലാശാലകളിലെയും 25 ഗവേഷകർക്കു നാളെ മുതൽ ആരംഭിക്കുന്ന വിന്റർ സ്കൂളിൽ പരിശീലനം നൽകും. 21 ദിവസമാണ് പരിശീലനം. കേന്ദ്ര ബയോടെക്നോളജി വകുപ്പ് മുൻ സെക്രട്ടറി ഡോ. മഞ്ജു ശർമ്മ നാളെ രാവിലെ 10.30ന് വിന്റർ സ്കൂൾ ഉദ്ഘാടനം ചെയ്യും. കടൽ പായലുകൾ, കക്കവർഗങ്ങൾ, കടലിലെ സൂക്ഷ്മ ജീവികൾ തുടങ്ങിയവയിൽ അടങ്ങിയിട്ടുള്ള മൂലകങ്ങൾ ശാസ്ത്രീയ രീതിയിൽ വേർതിരിച്ചെടുത്ത് വിവിധ രോഗങ്ങൾക്കുള്ള മരുന്നും ആരോഗ്യ സംരക്ഷണത്തിനുള്ള ഭക്ഷ്യവസ്തുക്കളുൾപ്പെടെയുള്ള ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഗവേഷണ രീതികളാണ് സി.എം.എഫ്.ആർ.ഐ. വിന്റർ സ്കൂളിൽ പരിശീലിപ്പിക്കുന്നത്.